# കേരള സർവകലാശാല

നം.പി.ആർ.106/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ബി.പി.എ കോഴ്സിന് അപേക്ഷിക്കാം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുളള സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിൽ നടത്തുന്ന ഒന്നാം വർഷ ബി.പി.എ കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 10. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.എസ്.സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ്, ബി.എസ്.സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി എന്നീ (2016 അഡ്മിഷൻ – റെഗുലർ, 2015, 2014 & 2013 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കും പുനഃപരിശോധനയ്ക്കും ജൂൺ 4 വരെ അപേക്ഷിക്കാം.

## പരീക്ഷാഫീസ്

നാലാം സെമസ്റ്റർ ബി.ടെക് (2008/2013 സ്കീം) ജൂലൈ 2019 സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ മെയ് 28 വരെയും 50 രൂപ പിഴയോടെ മെയ് 30 വരെയും 125 രൂപ പിഴയോടെ ജൂൺ 1 വരെയും ഓൺലൈനായി അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ്മെന്റ്, മെഴ്സിചാൻസ് വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രവേശന പരീക്ഷ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നടക്കുന്ന സായാഹ്ന കോഴ്സായ അഡ്വാൻസ്ഡ് പി.ജി ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷന്റെ പ്രവേശന പരീക്ഷ മെയ് 27 ന് 10 മണിയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ വെച്ച് നടത്തുന്നതാണ്.

## പരിശീലന പരിപാടി

സർവകലാശാല വാണിജ്യ വിഭാഗം ജി.എസ്.ടി യെക്കുറിച്ചുള്ള 5 ദിവസത്തെ പരിശീലന പരിപാടി 2019 മെയ് 22 മുതൽ ഗിഫ്റ്റ് കാമ്പസിൽ (ചാവടിമുക്ക്) സംഘടിപ്പിക്കുന്നു. പരിഷ്കരിച്ച എം.കോം/ബി.കോം പാഠ്യപദ്ധതി പ്രകാരമുള്ള പരിശീലനമാണ് ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിൽ റിപ്പോർട്ട് ചെയ്യുക.

തിരുവനന്തപുരം,
20-05-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098